(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഉണ്ട്. ശമ്പള കുടിശ്ശിക നൽകുന്നതിന് ക്ഷേത്രങ്ങളിലെ വരവ് ചെലവുകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് കമ്മീഷണർമാർ നിയമപ്രകാരം പരിശോധിച്ച് അനുവദിക്കേണ്ട തുക കമ്മീഷണർക്ക് ശുപാർശ ചെയ്യുന്നു. ക്ഷേത്ര വരുമാനത്തിന്റെ 30 ശതമാനം തുക ജീവനക്കാരുടെ ശമ്പളത്തിനായി നീക്കി വച്ചതിനുശേഷം വരുന്ന സംഖ്യയാണ് മാനേജ്മെന്റ് ഫണ്ടിൽ നിന്നും സഹായ ധനമായി നൽകുന്നത്.

ജീർണ്ണോദ്ധാരണത്തിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനുള്ള ക്ഷേത്രങ്ങളെ തിരഞ്ഞെടുക്കുന്നത് ഗ്രാന്റ് വിതരണ കമ്മിറ്റിയാണ്. ഗ്രാന്റിനായി അപേക്ഷിക്കുന്ന ക്ഷേത്രങ്ങളുടെ അർഹത നോക്കി ബന്ധപ്പെട്ട ഏരിയാ കമ്മിറ്റികളുടെ ശുപാർശകളോടെ സമർപ്പിക്കുന്ന പട്ടിക പരിശോധിച്ചാണ് ഗ്രാന്റിന് അർഹതപ്പെട്ട ക്ഷേത്രങ്ങളെ നിശ്ചയിക്കുന്നത്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ ജോലി ചെയ്യുന്ന പൂജാരിമാർ

52 [1184] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ ജോലി ചെയ്യുന്ന പൂജാരിമാരെ ഇപ്പോൾ ക്ലാസ്സ് ഫോർ വിഭാഗത്തിലാണോ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) എങ്കിൽ അവരുടെ ജോലിയുടെ പ്രാധാന്യം കണക്കിലെടുത്ത് അവരെ ക്ലാസ് ത്രീ വിഭാഗത്തിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 1250 രൂപ അടിസ്ഥാന ശമ്പളത്തിൽ പാർട്ട് ടൈം ലാവണങ്ങളിലാണ് ശാന്തിക്കാരെ നിയമിക്കുന്നത്. സീനിയോറിട്ടി പ്രകാരം ഫുൾടൈം ലാവണങ്ങളിൽ നിയമിക്കപ്പെടുമ്പോൾ 1890 രൂപ അടിസ്ഥാന ശമ്പളമായി നൽകുന്നു. തുടർന്ന് മൂന്നു വർഷംകൊണ്ട് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായി തീരുന്നു. ടി സമയത്തെ അടിസ്ഥാന ശമ്പളം 2670 രൂപയാണ്. ക്ലാസ് ഫോർ വിഭാഗത്തിന്റെ ശമ്പളം നൽകുന്നുവെങ്കിലും ശാന്തിക്കാരെ കണ്ടിൻജൻസി വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ശാന്തിക്കാർക്ക് ലാസ്റ്റ് ഗ്രേഡ് ശമ്പള സ്കെയിൽ ലഭിക്കുന്ന മുറയ്ക്ക് ക്ലാസ് ഫോർ വിഭാഗത്തിന് തുല്യമായ ശമ്പള അലവൻസുകളും മറ്റ് സർവ്വീസ് ദൈർഘ്യഗ്രേഡുകളും നൽകിവരുന്നു. കൂടാതെ ക്ലാസ് 3 വിഭാഗത്തിൽപ്പെട്ട

† നിയമസഭാലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ലോവർ ഡിവിഷൻ ക്ലാർക്ക്/II ഗ്രേഡ് സബ് ഗ്രൂപ്പാഫീസർ തസ്തികകളുടെ ഒരു നിശ്ചിത ശതമാനം ഒഴിവുകൾ ശാന്തിക്കാർ ഉൾപ്പെട്ട ക്ഷേത്ര ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിനായി നീക്കി വച്ചിട്ടുള്ളതും നിശ്ചിത യോഗ്യത നേടിയ വർക്ക് സീനിയോറിട്ടി ക്രമത്തിൽ ലോവർ ഡിവിഷൻ ക്ലാർക്ക്/സബ്ഗ്രൂപ്പാഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകി വരികയുമാണ്. ഇതിൽ കൂടുതലായി എല്ലാ ശാന്തിക്കാർക്കും ക്ലാസ്സ് III വിഭാഗത്തിൽപ്പെടുത്തി സ്ഥാനക്കയറ്റം നൽകി വരികയാണെങ്കിൽ ബോർഡിനു താങ്ങാനാകാത്ത സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നതിനാൽ ഇക്കാര്യം പരിഗണിക്കാൻ കഴിയില്ല എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

തിരുനെല്ലി ക്ഷേത്രത്തിലെ പാർക്കിംഗ് സൗകര്യം

53 [1185] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ തിരുനെല്ലി ക്ഷേത്രത്തിലെ തീർത്ഥാടകരുടെ വാഹനം പാർക്ക് ചെയ്യാൻ ആവശ്യത്തിന് സൗകര്യമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് തിരുനെല്ലി ദേവസ്വത്തിന്റെ ഹർജി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുനെല്ലി ക്ഷേത്രത്തിൽ വാവു ബലി, ഉത്സവം തുടങ്ങിയ വിശേഷ ദിവസങ്ങളിൽ (തീർത്ഥാടകർ അധികം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ) വാഹനം പാർക്ക് ചെയ്യാൻ ബുദ്ധിമുട്ട് ഉണ്ടാകാറുണ്ട്.

(ബി) ദേവസ്വത്തിന്റെ കിഴക്കേ നടയിൽ ഒരു ഏക്കർ 18 സെന്റ് സ്ഥലം പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ബസ് സ്റ്റാന്റും പാർക്കിംഗ് ഏരിയയും ആക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി ആന്റ് ഡി) തിരുനെല്ലി ദേവസ്വം അധികൃതർ 14-2-2000-ന് അന്നത്തെ വനം വകുപ്പ് മന്ത്രിക്ക് നിവേദനം നൽകിയിരുന്നെങ്കിലും തീരുമാനം അറിവായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly